**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വിപണന-കയറ്റുമതി പ്രോത്സാഹനം -ഡിസൈൻ കോൺക്ലേവ് സംഘടിപ്പിക്കുന്നതിലേക്ക് കൈത്തറി വകുപ്പിന്റെ ധനവിഹിതംഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.849/2023/ID തീയതി,തിരുവനന്തപുരം, 22-08-2023

---

പരാമർശം:-

1. കൈത്തറി ഡയറക്ടറുടെ 22/07/2023 തീയതിയിലെ എച്ച്.എൽ/522/2023-പി1 നമ്പർ കത്ത്
2. 10/08/2023 തീയതിയിൽ ചേർന്ന വ്യവസായ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
3. ഇ-അനുമതി നം.AS/IND/23/29844 valid upto 31/03/2024

**<u>ഉത്തരവ്</u>**

വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ, 'ഡിസൈൻ കോൺ ക്ലേവ് സംഘടിപ്പിക്കുന്നതിലേക്ക് കൈത്തറി വകുപ്പിന്റെ വിഹിതത്തിനായി ധന സഹായത്തിനായുള്ള പ്രൊപ്പോസൽ പരാമർശം(1) പ്രകാരം കൈത്തറി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

( 2 ) കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾക്ക് മികച്ച പരമ്പരാഗതമൂല്യമുണ്ടെന്നും ഈ മേഖലയിലെ പ്രൊഫഷണൽ ഡിസൈനർ മാരുടെ പിന്തുണയോടെ കൈത്തറി ഉൽപന്നങ്ങളിൽ നൂതനമായ ഡിസൈനുകളും കളർപാറ്റേണുകളും അവതരിപ്പിക്കുന്നതിലൂടെ ദേശീയ-അന്തർദേശീയ തലത്തിൽ ഈ ഉൽപന്നങ്ങളുടെ വിപണി ഏറെ മെച്ചപ്പെടുത്താവുന്നതാണെന്നും കൈത്തറി, ഖാദി, കയർ, കരകൗശലം, ബാംബൂ എന്നീ മേഖലകളിലെ വിപണിരംഗം മെച്ചപ്പെടുത്തുന്നതിലേക്കായി ഡിസൈൻ കോൺക്ലേവും ഇതിന്റെ ഭാഗമായി എക്സിബിഷനും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായും കൈത്തറി ഡയറക്ടർ റിപ്പോർട്ടു ചെയ്തു.

(3) <u>പ്രസ്തുത ഡിസൈൻ കോൺക്ലേവിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു</u>

i. കൈത്തറി, ഖാദി, കയർ, കരകൗശലം, ബാംബൂ എന്നീ മേഖലകളിലെ ദേശീയ-അന്തർദേശീയ തലത്തിലുള്ള പ്രൊഷണൽഡിസൈനർമാരുടെ പിന്തുണയോടെ ഈ മേഖലകളിൽ നൂതനമായ ഡിസൈനുകൾ വികസിപ്പിക്കുക.

ii. വിദഗ്ധരായ ഡിസൈനർമാരുടെ, ഈ മേഖലകളിലുള്ള അനുഭവസമ്പത്ത് പങ്കുവയ്ക്കുന്നതിനായുള്ള ശിൽപശാലകൾ, എക്സിബിഷനുകൾ, ഫാഷൻ ഷോ തുടങ്ങിയവ സംഘടിപ്പിക്കുക.

iii. നെയ്ത്തുകാർ/കരകൗശലതൊഴിലാളികളുമായി ആശയവിനിമയം നടത്തുവാനും അതുവഴി സംസ്ഥാനത്തെ പരാമ്പരാഗത വ്യവസായ ഉൽപന്നങ്ങളെ അടുത്തറിയുവാൻ ഡിസൈനർമാർക്ക് അവസരമൊരുക്കുക.

iv. ഡിസൈൻ കോൺക്ലേവിൽ പങ്കെടുക്കുന്ന ഡിസൈനർമാർ വഴി സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ വിപണിയൊരുക്കുക.

(4) പ്രസ്തുത ഡിസൈൻ കോൺക്ലേവിലേക്കായി, ചുവടെ ചേർക്കുന്ന ഇനങ്ങളി ലേക്കായി ആകെ 2,92,25,000/- രൂപ ചിലവ് കണക്കാക്കുന്നുവെന്നും അത് കൈത്തറി, കയർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, വ്യവസായ വാണിജ്യവകുപ്പ്/കെ-ബിപ്പ് വകുപ്പുകൾ സംയുക്തമായി പങ്കിടുന്നുവെന്നും അതിലേ ക്കായി കൈത്തറി വകുപ്പിന്റെ വിഹിതമായി 1 കോടി രൂപ കണക്കാക്കിയിരിക്കുന്നുവെന്നും കൈത്തറി ഡയറക്ടർ റിപ്പോർട്ടു ചെയ്യുന്നു.

(i) സ്ഥലസൗകര്യം/ക്രമീകരണങ്ങൾ,

(ii) പബ്ലിസിറ്റി

(iii) നെയ്ത്തുകാർ/കരകൗശലതൊഴിലാളികൾ/ഡിസൈനർമാർ എന്നിവരെ ഡിസൈൻ കോൺക്ലേവിൽ പങ്കെടുപ്പിക്കുന്നതാനുള്ള ചിലവുകൾ

(iv) ഡിസൈൻ കോൺക്ലേവിന്റെ ഭാഗമായുള്ള ഫാഷൻ ഷോ

(v) നെയ്ത്തുകാർ/കരകൗശല യൂണിറ്റുകളിലേക്ക് ഡിസൈനർമാരുടെ സന്ദർശനം

(5) വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ, 'ഡിസൈൻ കോൺക്ലേവ്' സംഘടിപ്പിക്കുന്നതിലേക്ക് കൈത്തറി വകുപ്പിന്റെ വിഹിതത്തിനായി ധനസഹായത്തിനായുള്ള പ്രൊപ്പോസലിനായി 1 കോടി രൂപയ്ക്ക് അനുമതി നൽകണമെന്ന് കൈത്തറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

(6) 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ 2851-00- 103-64(പി) ശീർ ഷകത്തിൽ 'വിപണന-കയറ്റുമതി പ്രോത്സാഹന ' പദ്ധതിയ്ക്കായി 2 0 0 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(7) വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ, 'ഡിസൈൻ കോൺക്ലേവ്' സംഘടിപ്പിക്കുന്നതിലേക്ക് കൈത്തറി വകുപ്പിന്റെ വിഹിതത്തിനായി ധനസഹായത്തിനായുള്ള പ്രൊപ്പോസൽ, 10.08.2023ന് ചേർന്ന വ്യവസായ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിയ്ക്കുകയും 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും 2851-00-103-64(പി) ശീർഷകത്തിൻ കീഴിൽ പ്രസ്തുത പ്രൊപ്പോസലിനായി 1 കോടി രൂപയ്ക്കായി ഭരണാനുമതി നൽകുന്നതിനായി ശിപാർശ ചെയ്യുകയുണ്ടായി.

.849/2023/ID

G.O.(P

(8) വ്യവസായവകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ച വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ, 'ഡിസൈൻ കോൺക്ലേവ്' സംഘടിപ്പിക്കുന്നതിലേക്ക് കൈത്തറി വകുപ്പിന്റെ വിഹിതത്തിനായുള്ള പ്രൊപ്പോസലിൻമേൽ 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2851-00-103-64(പി) ശീർഷകത്തിൻ കീഴിൽ 1,00,00,000 രൂപ (ഒരു കോടി രൂപ)യ്ക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

~~ചീഫ്~~ എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(A&E), കേരള, തിരുവനന്തപുരം

ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് (10.08.2023 തീയതിയിലെ വ്യവസായവകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം പ്രകാരം)

വ്യവസായ(ജെ) വകുപ്പ്

വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
Date: 23-08-2023 12:32:07
സെക്ഷൻ ഓഫീസർ